**POLICE** **KERALA** **DEPARTMENT**

**No. E2-19252/2020/KAP-II**
Kerala Armed Police-II,
Palakkad
✉cmdtkap2.pol@kerala.gov.in
✆04912555191
Dated. 14-08-2020

## <u>ലേല പരസ്യം</u>

പാലക്കാട് ജില്ലയിലെ കെ എ പി രണ്ടാം ബറ്റാലിയൻ ആസ്ഥാനത്ത് ടി ബറ്റാലിയൻറെ കീഴിലുള്ള ബറ്റാലിയൻ ട്രാൻസ്പോർട്ട് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതും പോലീസ് ഡിപ്പാർട്മെൻറിന് ആവശ്യമില്ലാത്തതുമായ താഴെ വിവരിക്കുന്ന സ്പെയർ പാർട്ടുകൾ 15/09/2020 ആം തീയതി രാവിലെ 11.00 മണിക്ക് കെ എ പി രണ്ടാം ബറ്റാലിയൻ ആസ്ഥാനത്ത് വച്ച് പരസ്യമായി ലേലം ചെയ്ത് വില്പന നടത്തുന്നതാണ്.


| ക്രമ നമ്പർ | ഇനം | നിരത ദ്രവ്യം |
|---|---|---|
| 1 | മെറ്റൽ സ്ക്രാപ് | 120.00 |
| 2 | വേസ്റ്റ് ഓയിൽ | 405.00 |
| 3 | ടയർ | 1,500.00 |
| 4 | ട്യൂബ് | |
| 5 | ഫ്ലാപ് | |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ കൃത്യ സമയത്ത് ലേല സ്ഥലത്ത് ഹാജരാക്കേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപയി മേൽ പറഞ്ഞ നിരത ദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതും ആണ്. കൂടാതെ തിരിച്ചറിയൽ രേഖകളും മേൽ വിലാസം തെളിയിക്കുന്ന രേഖകളും ലേലം തുടങ്ങുന്നതിന് മുൻപ് തന്നെ ലേലം നടത്തുന്ന ഉദ്യോഗസ്ഥനെ കാണിച്ച് ബോധ്യപ്പെടുത്തിയിരിക്കേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം നഷ്ടപ്പെട്ടവർക്ക് നിരത ദ്രവ്യം തിരിച്ചു നൽകുന്നതാണ്.

സ്പെയർ പാർട്ടുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻ കൂട്ടി മുദ്ര ചെയ്ത കവറുകളിൽ ദർഘസുകൾ നേരിട്ടോ തപാൽ മാർഗമോ 14/09/2020 തീയതി വെയ്കുന്നേരം 5 മണിക്ക് മുന്പായി ബറ്റാലിയൻ ആസ്ഥാനത്ത് സ്വീകരിക്കുന്നതാണ്. ദർഘസുകൾ തപാലിൽ അയക്കുന്നവർ ദർഘാസിനൊപ്പം മേൽ കൊടുത്തിട്ടുള്ള നിരത ദ്രവ്യ തുകയുള്ള , ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും കമാൻഡൻറിന്റെ പേരിൽ മരവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്. കവറിനു പുറത്ത് " സ്പെയർ പാർട്ടുകൾ വാങ്ങുന്നതിനുള്ള ദർഘാസ് " എന്ന് രേഘപ്പെടുത്തേണ്ടതാണ് . ലേലത്തിൽ പങ്കെടുക്കാൻ എത്തിയിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ ദർഘാസ് തുറക്കുന്നതും ലേലം വിളിച്ച തുകയോ ദർഘാസ് തുകയോ ഏതാണോ കൂടുതൽ ആ തുകക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം ബന്ധപ്പെട്ടയാളിന്റെ പേരിൽ വില്പന നിശ്ചയിക്കുന്നതും ടിയാൻ ഉടനെ ദർഘാസ് തുകയുടെ പകുതി സംഖ്യ ( നികുതിയുൾപ്പെടെ) നിരത ദ്രവ്യം കഴിച്ച് ലേല സ്ഥലത്ത് വച്ച് അടക്കേണ്ടതും ബാക്കി തുക ( നികുതിയുൾപ്പെടെ) ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി 10 ദിവസത്തിനുള്ളിൽ അടച്ച് സ്വന്തം ചിലവിൽ ലേലം/ദർഘാസ് പ്രകാരം ലഭിച്ച വാഹനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്.

ഏതെങ്കിലും കാരണ വശാൽ ലേലം കൊണ്ടയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കരിലേക്ക് മുതൽ കൂട്ടുന്നതും വാഹനങ്ങൾ പുനർ ലേലം ചെയ്യുന്നതും ആയിരിക്കും. പുനർ ലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആ തുക മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും. കൂടുതലയി കിട്ടുന്ന തുകക്ക് മുൻ ലേലക്കാരൻ അവകാശി അല്ലാത്തതും ആണ്. ലേലത്തിനായി നീക്കി വച്ചിട്ടുള്ള സ്പെയർ പാർട്ടുകൾ ലേലത്തിന് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വെയ്കുന്നേരം 5 മണി വരെയുള്ള സമയത്ത് എ സി (ക്യൂ എം) ന്റ്റെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതുമാണ്. യാതൊരു കാരണവും കൂടാതെ ലേലം/ദർഘാസ് മാറ്റി വയ്ക്കാനോ അസ്ഥിരപ്പെടുത്താനോ ഉള്ള അധികാരം കെ എ പി രണ്ടാം ബറ്റാലിയൻ കമാൻഡൻറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

E2-19252/2020/KAP-II 21686c



Manojkumar M A
Commandant (ic)

Copy To : സംസ്ഥാനത്തെ എല്ലാ കമ്മീഷണർമാർ / പോലീസ് സൂപ്രണ്ടുമാർ / കമാൻഡന്റുമാർ എന്നിവരുടെ അറിവിലേക്കും പ്രചരണത്തിനും വേണ്ടി: ഈ ബറ്റാലിയനിലെ ഡിസി , എല്ലാ അസിസ്റ്റന്റ് കമാൻഡന്റുമാർ , ഓഫീസ് കമാൻഡന്റുമാർ, ബി ടി ഒ എന്നിവർക്ക് അറിവിലേക്കും പ്രചരണത്തിനും വേണ്ടി, കമാൻഡന്റിന്റെ സി എ , കശ്യർ, അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ്, മാനേജർ, ഓഫീസ് ഫയൽ, നോട്ടീസ് ഫയൽ , സ്റ്റോക്ക് ഫയൽ.

Internal Administrative Processing System
iAPS
KERALA POLICE